# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2316 — 08.12.2015-ലെ മറുപടിയ്ക്ക്

## ത്രിവേണി, നന്മ, നീതി സ്റ്റോറുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാജേഷ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ത്രിവേണി, നന്മ, നീതി സ്റ്റോറുകളിൽ ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് നിലവിൽ സബ്സിഡി ലഭിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ; | (ബി) പ്രസ്തുത സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് നിലവിൽ സബ്സിഡി ലഭിക്കുന്നില്ല. എന്നിരുന്നാലും ഗുണമേന്മയുള്ള സാധനങ്ങൾ പൊതുവിപണിയിൽ നിന്നും കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് പ്രാപ്യമായ സ്ഥലങ്ങളിൽ പ്രസ്തുത സ്റ്റോറുകളിലൂടെ ലഭ്യമാക്കുന്നുണ്ട്. |
| (സി) പ്രസ്തുത സ്ഥാപനങ്ങൾ വഴി നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) ത്രിവേണി/നന്മ/നീതി സ്റ്റോറുകളിലൂടെ മാത്രമാണ് പൊതുവിപണിയിൽ നിന്നും 10% മുതൽ 20% വരെ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നത്. കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്നതും സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്നതുമായ നന്മ |

സ്റ്റോറുകളിലൂടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിരുന്നു. വിലക്കയറ്റത്തിന് സാധ്യതയുള്ള ഉത്സവകാലങ്ങളിൽ സർക്കാർ സബ്സിഡിയോടെ ഉത്സവകാല വിപണന മേളകൾ കൺസ്യൂമർഫെഡ് മുഖാന്തിരം സഹകരണ വകുപ്പ് നടത്തിവരുന്നു.

(ഡി) പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും ത്രിവേണി, നീതി, നന്മ സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ഡി) പൊതുമാർക്കറ്റിലെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ നിന്നും 20% വരെ വിലകുറച്ച് നന്മ സ്റ്റോറുകളിലൂടെയും, വിലവർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ മേഖലയിലെ അപ്പക്സ് സ്ഥാപനമായ കൺസ്യൂമർ ഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണന മേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണനം നടത്തുന്നതിന് സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ത്രിവേണി, നന്മ സ്റ്റോർ എന്നിവിടങ്ങളിൽ സ്റ്റോക്ക് എത്തിക്കുന്നതിനും ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കുന്നതിനും മൊബൈൽ ത്രിവേണികളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി പ്രവർത്തനം പുനരാരംഭിക്കുന്നതിനും കൺസ്യൂമർഫെഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മത്സരാധിഷ്ഠിതമായി
ക്വട്ടേഷൻ ക്ഷണിച്ച്
പർച്ചേയ്സ് നടത്തുന്നതിലൂടെ
പൊതുവിപണിയിൽ
വിലകുറയുന്നതിന്
ഇടയാക്കുകയും പർച്ചേയ്സ്
മാനുവൽ തയ്യാറാക്കുന്നതിലൂടെ
സാധനങ്ങളുടെ പർച്ചേയ്സ്
സുതാര്യമാക്കുകയും
ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ